# Malayala Manorama

## 14 August 2018

## Kochi: After Flood,   Flood relief

### ദുരിതാശ്വാസ മാനദണ്ഡങ്ങൾ മാറ്റണമെന്ന് ബിനോയ് വിശ്വം

**മനോരമ ലേഖകൻ**

കൊച്ചി ● പ്രകൃതി ദുരിതാശ്വാസ മാനദണ്ഡങ്ങളിൽ സമൂല മാറ്റം വരുത്തണമെന്ന് സിപിഐ ദേശീയ കൗൺസിൽ സെക്രട്ടറി ബിനോയ് വിശ്വം എംപി ആവശ്യപ്പെട്ടു.

കേരളം പോലുള്ള സംസ്ഥാനങ്ങളുടെ സവിശേഷതകൾ പരിഗണിക്കാത്ത ദേശീയ മാനദണ്ഡപ്രകാരമാണ് കേന്ദ്രം നഷ്ടപരിഹാരം നിശ്ചയിക്കുന്നത്.

അതു യഥാർഥ നഷ്ടത്തിന്റെ പത്തിലൊന്നു പോലും വരുന്നതല്ല.

കേരളത്തിന്റെ കാർഷിക മേഖല പ്രളയത്തിൽ തകർന്നടിഞ്ഞു. റോഡുകളും പാലങ്ങളും തകർന്നു കിടക്കുന്നു. പതിനായിരക്കണക്കിനു വീടുകൾ വാസയോഗ്യമല്ലാതായി.

ദുരിതാശ്വാസ മാനദണ്ഡങ്ങളിൽ യാഥാർഥ്യബോധത്തോടെ മാറ്റം വരുത്താൻ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഒന്നിച്ചുനിൽക്കണമെന്നും ബിനോയ് വിശ്വം അഭ്യർഥിച്ചു.